# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :198 | 23.03.2012-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

| ചോദ്യം<br>ശ്രീ. കെ.സുരേഷ്കുറുപ്പ്:<br>ഡോ:ടി.എം.തോമസ് ഐസക്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ:<br>ശ്രീമതി കെ.കെ.ലതിക: | ഉത്തരം<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്തി) |
|---|---|
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആരംഭിക്കാനിരിക്കെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിനുള്ളമാർഗ്ഗനിർദ്ദേശങ്ങൾ ഇതുവരെയുംപുറപ്പെടുവിക്കാത്തതെന്തു കൊണ്ടാണന്ന് വിശദമാക്കുമോ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതി ആസൂത്രണമാർഗ്ഗരേഖയുടെ കരട് തയ്യാറാക്കുകയും അതിൻമേൽ മതിയായ ചർച്ചകൾ സംഘടിപ്പിക്കുകയും ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾക്കൊളളിച്ച് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ശേഷം പ്രവർത്തനം തുടങ്ങാൻ ഉണ്ടാകുന്ന കാലതാമസം മൂലം പദ്ധതികൾ നീണ്ടുപോകുന്ന സ്ഥിതി വിശേഷം തരണം ചെയ്യാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) സാമ്പത്തിക വർഷം ആദ്യം തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു. അതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനം തുടങ്ങാൻ കാല താമസം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ